# 20. ബേനസീറിന്റെ പാകിസ്ഥാൻ

ബേനസീർ ഭുട്ടോ പാകിസ്ഥാന്റെ പ്രധാനമന്ത്രിയായിട്ട് നൂറു ദിവസങ്ങൾ 1989 മാർച്ച് 12-ാം തീയതി തികഞ്ഞു.

ജനറൽ സിയാ ഉൽ ഹക്കിന്റെ പട്ടാളഭരണത്തിൻകീഴിലായിരുന്ന കാലത്തേതിൽനിന്നു വളരെയേറെ അഭിലഷണീയങ്ങളായ മാറ്റങ്ങൾ ഇതിനകം പാകിസ്ഥാനിൽ വന്നിട്ടുള്ളതായി നിരീക്ഷകർ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റേതായ അന്തരീക്ഷം ഇന്ന് അവിടെ നിലവിലുണ്ട്. പത്രങ്ങളിൽ തുറന്ന രാഷ്ട്രീയചർച്ചകൾ നടക്കുന്നു. രാഷ്ട്രീയപാർട്ടികൾക്കു പ്രവർത്തനസ്വാതന്ത്ര്യമുണ്ട്. സിയാഭരണകാലത്തു തുറുങ്കിലടയ്ക്കപ്പെട്ടിരുന്ന എത്രയോ രാഷ്ട്രീയപ്രവർത്തകരെ സ്വതന്ത്രരാക്കിയിരിക്കുന്നു. ടെലിവിഷനിലൂടെയുള്ള മതപ്രചാരണത്തിന്റെ മാത്ര കുറഞ്ഞിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരും മറ്റും പാശ്ചാത്യരീതിയിലുള്ള ഉടുപ്പുകളോടു കൂടുതൽ പ്രിയം കാണിച്ചുതുടങ്ങിയിരിക്കുന്നു. തലമറയ്ക്കാത്ത സ്ത്രീകൾ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നുമുണ്ട്.

ഇസ്ലാമിക രാഷ്ട്രമായ പാകിസ്ഥാനിൽ ഒരു സ്ത്രീ പ്രധാനമന്ത്രിപദം വഹിക്കുന്നു എന്നതുതന്നെ സുപ്രധാനമായ ഒരു വസ്തുതയാണ്. പാകിസ്ഥാനിലെ ചുറ്റുപാടുകളെപ്പറ്റി ശരിയായ ബോധമുള്ളതിനാൽ വളരെ കരുതലോടുകൂടിയേ ബേനസീർ ഓരോ നടപടിയും കൈക്കൊള്ളുന്നുള്ളൂ. സിയാ പക്ഷപാതിയെന്നു കരുതപ്പെട്ടിരുന്ന ഗുലാം ഇസ്ഹാക്ഖാൻ ആണ് പാകിസ്ഥാനിലെ പ്രസിഡണ്ട്. ഭരണഘടനപ്രകാരം പ്രസിഡണ്ടിന് എന്നു വേണമെങ്കിലും പ്രധാനമന്ത്രിയെ പിരിച്ചുവിടാം. എന്നാൽ, സിയായുടെ മരണശേഷം ഗുലാം ഇസ്ഹാക്ഖാൻ ജനാധിപത്യത്തിനെതിരായ ഒരു പ്രവർത്തനത്തിലും ഏർപ്പെട്ടിട്ടില്ല. പാർട്ടി അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു നടത്താൻ ആജ്ഞാപിച്ചതു് ഇസ്ഹാക്ഖാൻ ആയിരുന്നു. തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ ബേനസീറിനെ, അല്പം താമസിച്ചാണെങ്കിലും, പ്രധാനമന്ത്രിപദത്തിലേക്കു ക്ഷണിച്ചതും ഇസ്ഹാക്ഖാൻതന്നെ. തലമുതിർന്ന ഒരു രാജ്യതന്ത്രജ്ഞന്റെ ഭൂമികയാണ് ഇപ്പോൾ ഇസ്ഹാക്ഖാൻ പാകിസ്ഥാനിൽ നിറവേറ്റുന്നതു്. പാർട്ടികളുടെ വഴക്കുകളിൽ ഖേദം രേഖപ്പെടുത്തിയും ചിലപ്പോൾ മാദ്ധ്യസ്ഥ്യം വഹിച്ചും രാഷ്ട്രപിതാവെന്ന പദവി ഏറെക്കുറെ ഇസ്ഹാക്ഖാൻ നേടിയെടുത്തിരിക്കുന്നു. പ്രസിഡണ്ടുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിലും നിലനിർത്തുന്നതിലും ബേനസീർ വിജയിച്ചിട്ടുണ്ട്.

സിയായുടെ അപമൃത്യുവിനു ശേഷം പട്ടാളം വീണ്ടും പാകിസ്ഥാന്റെ ഭരണച്ചുമതല ഏറ്റെടുക്കുമെന്ന ആശങ്കയുണ്ടായിരുന്നു. പാക്പട്ടാളത്തിന്റെ തലവനായ ജനറൽ മിർസാ അസ്ലാം ബേഗുമായി തിരഞ്ഞെടുപ്പിനു മുമ്പുതന്നെ ബേനസീർ സൗഹാർദം സ്ഥാപിക്കുകയുണ്ടായി. ബജറ്റിൽ പട്ടാളച്ചെലവിനുള്ള തുക കുറയ്ക്കുകയില്ലെന്നും പട്ടാളത്തലവന്മാരോടു കൂടിയാലോചിച്ചശേഷമേ രാജ്യരക്ഷാമന്ത്രിയെയും വിദേശകാര്യമന്ത്രിയെയും നിയമിക്കുകയുള്ളൂ എന്നും അസ്ലാംബേഗിനു് ബേനസീർ ഉറപ്പുകൊടുത്തിരുന്നുവത്രെ. ഈയിടെ നാല്പതു മുതിർന്ന മിലിട്ടറി ഉദ്യോഗസ്ഥന്മാരെ ബേനസീർ പിരിച്ചുവിട്ടതു ജനറൽ ബേഗിന്റെ നിർദേശമനുസരിച്ചും ചെറുപ്പക്കാർക്കു് അവസരം നൽകാൻവേണ്ടിയും ആയിരുന്നു എന്നു പറയപ്പെടുന്നു. സിയാ ഉൽ ഹക്കിന്റെ വിശ്വസ്ത സുഹൃത്തായിരുന്ന സാഹിബ്ജാദാ യാക്കൂബ്ഖാനെയാണ് ബേനസീർ വിദേശകാര്യമന്ത്രിയായി നിയമിച്ചതു്. ഇന്നു് പാകിസ്ഥാനിലെ സേന ബേനസീറിന്റെ ഭരണവുമായി ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു. ആ ഭാഗത്തുനിന്നു് ബേനസീറിനു് ഒരു ഭയവും ഇപ്പോൾ ഇല്ല.

പാകിസ്ഥാന്റെ അറുപതു ശതമാനത്തോളം വരുന്ന പഞ്ചാബിന്റെ ഭരണം ബേനസീറിനെ എതിർക്കുന്ന 'ഇസ്ലാമീജംഹൂരീ ഇത്തേഹാദ്'' എന്ന പാർട്ടിയുടെ നിയന്ത്രണത്തിലാണ്. ഈ പാർട്ടിയുടെ നേതാവും പഞ്ചാബിലെ മുഖ്യമന്ത്രിയുമായ നവാസ് ഷരീഫ് ആണ് പാകിസ്ഥാന്റെ അകത്ത് ബേനസീറിന്റെ മുഖ്യ എതിരാളി. ഇപ്പോൾ നവാസ് ഷരീഫ് കേന്ദ്രഭരണത്തിനെതിരെ പഞ്ചാബ് പ്രാദേശികതയുടെ വക്താവായി രംഗത്തു വന്നിട്ടുണ്ട്. ഈ പ്രാദേശികതാവാദം പാകിസ്ഥാന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയായേക്കാമെന്ന ആശങ്ക ഉളവായിട്ടുമുണ്ട്. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ പഞ്ചാബ് പോലീസ് കേന്ദ്രഗവണ്മെന്റിന്റെ തലസ്ഥാനമായ ഇസ്ലാമാബാദിലെ പ്രധാനമന്ത്രിയുടെ കാര്യാലയത്തിൽ ഒരു മിന്നൽപ്പരിശോധന നടത്തിയതു് പാകിസ്ഥാന് അകത്തും പുറത്തും വളരെയധികം ശ്രദ്ധ ആകർഷിച്ച ഒരു സംഭവമായിരുന്നു. മുഹമ്മദ് ഹുസൈൻ ആസാദ് എന്ന ഒരു കേന്ദ്ര ഉദ്യോഗസ്ഥനെ അറസ്റ്റ്ചെയ്യാനായിരുന്നു ഈ പരിശോധന. പഞ്ചാബ് മുഖ്യമന്ത്രിക്കെതിരെ പ്രകോപനപരമായ ഒരു പ്രസംഗംചെയ്തു എന്നതായിരുന്നു ഈ ഉദ്യോഗസ്ഥന്റെ കുററം. ഇതിനെത്തുടർന്ന് പഞ്ചാബിലെ പോലീസ് ഇൻസ്പെക്ടർ ജനറലിനെയും ചീഫ് സെക്രട്ടറിയെയും മററു ചില പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരെയും മാററണമെന്ന് കേന്ദ്രഗവണ്മെൻറ് പഞ്ചാബ് സംസ്ഥാനഗവണ്മെൻറിനോട് ആവശ്യപ്പെടുകയുണ്ടായി. പഞ്ചാബ് സംസ്ഥാനവും കേന്ദ്രഗവണ്മെൻറും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് പാകിസ്ഥാനിൽ ഇപ്പോഴത്തെ ഗൗരവാവഹമായ ആഭ്യന്തരപ്രശ്നം.

രാജ്യത്തിനകത്തുള്ള മതപരവും രാഷ്ട്രീയവുമായ എതിർപ്പുകളെ അതിജീവിക്കാൻ ബേനസീറിനു കഴിയുന്നതു് പ്രധാനമായും അമേരിക്കൻ ഗവണ്മെൻറിന്റെ നിർലോഭമായ സഹായത്താലാണ്. പാകിസ്ഥാന് അമേരിക്ക സാമ്പത്തികവും സൈനികവുമായ സഹായങ്ങൾ തുടർന്നും നൽകിക്കൊണ്ടിരിക്കുന്നു. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പുകൾ നടത്തി ജനാധിപത്യം പുനഃസ്ഥാപിച്ചതിന് പാകിസ്ഥാനിലെ ഗവണ്മെൻറിനെയും ജനങ്ങളെയും പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടതിൽ ബേനസീർ ഭൂട്ടോവിനെയും അഭിനന്ദിച്ചുകൊണ്ട് അമേരിക്കൻ ഉപരിസഭ (സെനററ്) ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. സുഗമമായ രീതിയിൽ ഭരണപരിവർത്തനം സാദ്ധ്യമാക്കിയ പ്രസിഡണ്ട് ഗുലാം ഇസ്ഹാക്ഖാൻ, ചീഫ് ജസ്റ്റിസ് നസ്രുത്ത്, സൈന്യാധിപതി മിർസാ അസ്ലാംബേഗ് എന്നിവരെയും സെനററ് അഭിനന്ദിച്ചു. രാഷ്ട്രീയതടവുകാരെ മോചിപ്പിക്കുകയും മനുഷ്യാവകാശങ്ങൾ പുനഃസ്ഥാപിക്കുകയുംചെയ്ത ബേനസീറിന്റെ ഭരണത്തിന് സെനററ് വിജയം ആശംസിച്ചു. അഫ്ഘാനിസ്ഥാൻ, അണ്വായുധങ്ങൾ, ഇന്ത്യയുമായുള്ള ബന്ധം എന്നീ കാര്യങ്ങളിൽ ബേനസീർ കൈക്കൊണ്ട നിലപാടിനെ സെനററ് ശരിവെച്ചു. പാകിസ്ഥാൻ ഗവണ്മെൻറിന് സെനററ് ശക്തിയായ പിന്തുണ പ്രഖ്യാപിക്കുകയുംചെയ്തു. മറെറാരു രാജ്യത്തിലെ കാര്യങ്ങളെപ്പററി അമേരിക്കൻ സെനററ് ഇങ്ങനെയൊരു പ്രമേയം പാസ്സാക്കിയതു വളരെ അസാധാരണമായ ഒരു നടപടിയാണ്. അമേരിക്കൻ ഗവണ്മെൻറിന്റെ ഈ സഹായവാഗ്ദാനമാണ് ബേനസീറിന്റെ ഏററവും വലിയ രാഷ്ട്രീയമൂലധനം.

അഫ്ഘാനിസ്ഥാനെ സംബന്ധിച്ചിടത്തോളം സിയാ ഉൽ ഹക്കിന്റെ നയംതന്നെയാണ് ബേനസീർ പിന്തുടരുന്നതു്. സോവിയററ് ഭടന്മാർ ഒഴിഞ്ഞു പോയതിനുശേഷം, ജലാലാബാദ് പട്ടണം പിടിച്ചടക്കാൻ അഫ്ഘാൻ കലാപകാരികൾ (മുജാഹിദുകൾ)നടത്തിയ, പരാജയപ്പെട്ട, യുദ്ധത്തിൽ പാകിസ്ഥാൻ പടയാളികളും അമേരിക്കൻ ഉപദേഷ്ടാക്കളും നേരിട്ടു പങ്കെടുത്തിരുന്നതായി സോവിയററ് യൂനിയൻ ആരോപിച്ചിട്ടുണ്ട്. അഫ്ഘാനിസ്ഥാനിൽ ഡോ. നജീബുള്ളയുടെ ഗവണ്മെൻറിനെ സ്ഥാനഭ്രഷ്ടമാക്കി, സ്വന്തം ആജ്ഞാനുവർത്തികളെ അധികാരസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനു രഹസ്യമായും പരസ്യ

മായും എന്തും ചെയ്യാൻ പാകിസ്ഥാൻ ഒരുങ്ങിയിരിക്കുകയാണ്. ഇക്കാര്യത്തിൽ സിയാ ഉൽ ഹക്കും ബേനസീറും തമ്മിൽ വ്യത്യാസമൊന്നുമില്ല.

അണുബോംബ് ഉണ്ടാക്കുന്ന വിഷയത്തിൽ പാകിസ്ഥാന താല്പര്യമില്ലെന്ന് ബേനസീർ ഭൂട്ടോ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പുതിയതരം യുദ്ധവിമാനങ്ങൾ വാങ്ങുന്നതിലോ, മിസ്സൈലുകൾ വികസിപ്പിക്കുന്നതിലോ പാകിസ്ഥാന് ആകാംക്ഷ കുറഞ്ഞിട്ടില്ല. എന്നു വേണമെങ്കിലും അണ്വായുധങ്ങളുണ്ടാക്കാനുള്ള സാങ്കേതികകഴിവ് പാകിസ്ഥാൻ നേടിക്കഴിഞ്ഞതായും പറയപ്പെടുന്നുണ്ട്.

ഇന്ത്യയോടുള്ള പാകിസ്ഥാൻെറ സമീപനത്തിലും അടിസ്ഥാനപരമായ മാററം വന്നതായി തോന്നുന്നില്ല. സിഖ്ഉഗ്രവാദികൾക്ക് പാകിസ്ഥാൻ പട്ടാളം തുടർന്നും സഹായം നൽകിവരുന്നുണ്ട്. പാകിസ്ഥാൻ സർക്കാരിനകത്തു മറെറാരു സർക്കാർപോലെ പ്രവർത്തിക്കുന്ന 'ഇൻറർസർവീസസ് ഇൻറലിജെൻസ്'' എന്ന രഹസ്യപ്പോലീസ് സംഘടനയാണ്, ഈ ഇന്ത്യാവിരുദ്ധ പ്രവർത്തനത്തിൻെറ പിന്നിൽ എന്നാണു വിശ്വസിക്കപ്പെടുന്നത്. ഈ സംഘടനയുടെ രാഷ്ട്രീയവിഭാഗം (പൊളിററിക്കൽ വിങ്)പിരിച്ചുവിടാൻ ബേനസീർ ഭൂട്ടോ ശ്രമിച്ചുവരികയാണത്രേ. കാശ്മീരിലെ സിയാചിൻഹിമപ്പാറയുടെ പേരിലുള്ള തർക്കം ഉദ്യോഗസ്ഥതലത്തിൽ ചർച്ചചെയ്യാൻ ഇപ്പോൾ നീക്കമുണ്ട്. എങ്കിലും, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള തർക്കങ്ങൾ സംഭാഷണങ്ങളിലൂടെ, ഉഭയപക്ഷസമ്മതത്തോടെ പരിഹരിക്കാമെന്ന ആശ ഇനിയും ഉളവായിട്ടില്ല.

ചുരുക്കത്തിൽ ആഭ്യന്തരരംഗത്തും അന്താരാഷ്ട്രീയരംഗത്തും സുപ്രധാനങ്ങളായ നേട്ടങ്ങൾ കൈവരിക്കാൻ ഈ നൂറു ദിവസങ്ങൾക്കകം ബേനസീർ ഭൂട്ടോവിനു കഴിഞ്ഞിട്ടില്ല. അതേ സമയം പാകിസ്ഥാനിൽ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിലും രാഷ്ട്രീയസംഘർഷങ്ങൾക്ക് അയവു വരുത്തുന്നതിലും ഒപ്പം തൻെറ പ്രധാനമന്ത്രിപദം ഉറപ്പിക്കുന്നതിലും ഇതിനകം ബേനസീർ വിജയിച്ചിരിക്കുന്നു. അക്കാര്യത്തിൽ ബേനസീർ പൂർണമായ അഭിനന്ദനം അർഹിക്കുന്നുമുണ്ട്. അത്യന്തം കരുതലോടെമാത്രം കരുക്കൾ നീക്കുന്ന വിദഗ്ദ്ധയായ ഒരു ചതുരംഗക്കളിക്കാരിയുടെ ചിത്രമാണ് രാഷ്ട്രീയനിരീക്ഷകർക്കു മുമ്പിൽ ബേനസീർ സമർപ്പിക്കുന്നത്.

17 മാർച്ച് 1989

# 21. തുപ്പാക്കിസ്ഥാൻ

ആന്ധ്രപ്രദേശിലെ ഓരോ ഗ്രാമത്തിലും ഈരണ്ട് ആളുകൾക്കു തോക്കു കൈവശം വയ്ക്കുന്നതിനുള്ള ലൈസൻസും തോക്കു വാങ്ങാൻ കടവും തോക്ക് ഉപയോഗിക്കുന്നതിനുള്ള പരിശീലനവും നൽകാൻ തെലുങ്കുദേശം ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനം ജനങ്ങളെ അറിയിക്കുന്ന വലിയ ഒരു പരസ്യം, നടുവിൽ മുഖ്യമന്ത്രി രാമറാവുവിൻെറ ഒരു ചിത്രത്തോടൊപ്പം ഏപ്രിൽ അവസാനവാരത്തിൽ പല പത്രങ്ങളിലും പ്രസിദ്ധീകരിച്ചു കാണുകയുണ്ടായി. അസാധാരണമായ ഈ പരസ്യം ഇങ്ങനെ ആരംഭിക്കുന്നു:

'സമൂഹദ്രോഹികളിൽനിന്ന് നിങ്ങളെ സംരക്ഷിക്കുക! നിങ്ങളുടെ ഗ്രാമത്തിനു കാവൽ നിൽക്കുക! സമൂഹദ്രോഹികളിൽനിന്നു നിങ്ങളെ സംരക്ഷിക്കാൻ വിപ്ലവാത്മകമായ ഒരു തീരുമാനം സംസ്ഥാന ഗവൺമെൻറ് കൈക്കൊണ്ടിരിക്കുന്നു. ഒരു ഉഗ്രവാദിക്ക്, ആയുധമെന്നതിനർത്ഥം നശിപ്പിക്കൽ എന്നാണ്. നിയമമനുസരിക്കുന്ന ഒരു പൗരന് ആയുധമെന്നതിനർത്ഥം സംരക്ഷണം എന്നാ